' •- ?

# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5581 18/11/2019-ൽ മറുപടിക്ക്

### ആരോഗ്യ കിരണം പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.വി. അബ്ദുറഹിമാൻ<br>ശ്രീ.ഒ. ആർ. കേളു<br>ശ്രീ.സി.കൃഷ്ണൻ | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി) |
| എ) | പതിനെട്ട് വയസ്സ്വരെയുള്ള രോഗികൾക്ക് സൗജന്യ ചികിത്സയും അനുബന്ധവൈദ്യസേവനങ്ങളും ലഭ്യമാക്കുന്നതിന് ആരോഗ്യ കിരണം പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; | എ) | പതിനെട്ട് വയസ്സ് വരെയുള്ള രോഗികൾക്ക് സൗജന്യ ചികിത്സയും അനുബന്ധവൈദ്യസേവനങ്ങളും ലഭ്യമാക്കുന്നതിന് ആരോഗ്യ കിരണം പദ്ധതി നടപ്പാക്കി വരുന്നുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം രോഗങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ഏതെല്ലാം ചികിത്സാ ചെലവുകൾക്കാണ് തുക അനുവദിക്കുന്നതെന്നും അറിയിക്കുമോ; | ബി) | ജനനം മുതൽ പതിനെട്ടു വയസ്സു വരെയുള്ള കുട്ടികൾക്ക് എല്ലാ വിധത്തിലുള്ള ചികിത്സാ സഹായങ്ങളും തികച്ചും സൗജന്യമായി നൽകുന്ന കേരള സർക്കാരിന്റെ പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം പദ്ധതി പ്രകാരം ചികിത്സാ സഹായം ലഭിക്കുന്ന മുപ്പത് രോഗങ്ങൾക്ക് പുറമെയുള്ള എല്ലാ രോഗങ്ങൾക്കും ആരോഗ്യകിരണം പദ്ധതിയിലൂടെ ചികിത്സ സഹായം ലഭിക്കുന്നതാണ്. എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ ഈ പ്രായത്തിലുള്ള എല്ലാവരും തന്നെ ആരോഗ്യകിരണം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ഒ.പി.ടിക്കറ്റ്, എല്ലാ മരുന്നുകളും, ആശുപത്രിയിൽ നടത്തുന്ന പരിശോധനകൾ, ചികിത്സകൾ എന്നിവ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും പൂർണ്ണമായി സൗജന്യമായി ലഭിക്കുന്നതാണ്. ആശുപത്രിയിൽ ലഭ്യമല്ലാത്ത മരുന്നുകൾ/ പരിശോധനകൾ ആശുപത്രിയുമായി എംപാനൽ ചെയ്തിട്ടുള്ള നിർദ്ദിഷ്ട മരുന്നു കടകൾ/ ലാബുകളിൽ നിന്നും സൗജന്യമായി ലഭിക്കുന്നതാണ്. (ആദായ നികുതി ദായകർക്കും സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതല്ല.) |
| സി) | പതിനെട്ട് വയസ്സിന് മുകളിലുള്ളവർക്ക് എൻ.സി.ഡി. (നോൺ കമ്മ്യൂണിക്കബിൾ ഡിസീസ്) സ്ക്രീനിംഗ് നടത്തുന്നതിനായി 14 ജില്ലകളിലും അമൃതം ആരോഗ്യം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | സി) | ഉണ്ട്. 30 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിതശൈലി രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുന്നതിനായി 14 ജില്ലകളിലും അമൃതം ആരോഗ്യം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് രക്താതി സമ്മർദ്ദം (Hypertension) വർദ്ധിച്ചു വരുന്ന സാഹചര്യം കണക്കിലെടുത്ത് |

| | | | |
|---|---|---|---|
| | | | ലോകാരോഗ്യ സംഘടനയും ICMR മായി സഹകരിച്ചുകൊണ്ട് സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതി IHMR (Indian Hypertension Management System) പ്രകാരം ഇതിന്റെ പ്രായപരിധി 18 വയസ്സായി കുറച്ചിട്ടുണ്ട്. |
| ഡി) | രോഗം സ്ഥിരീകരിക്കുന്നവർക്ക് മതിയായ ചികിത്സ ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) | എൻ.സി.ഡി ക്ലിനിക്കുകളിലൂടെ രോഗം സ്ഥിരീകരിക്കുന്നവർക്ക് മതിയായ ചികിത്സ ഉറപ്പാക്കാനായി സംസ്ഥാന ആരോഗ്യ വകുപ്പും ദേശീയ ആരോഗ്യ മിഷനുമായി സംയുക്തമായി സഹകരിച്ചുകൊണ്ടാണ് അമൃതം ആരോഗ്യം എന്ന ജീവിതശൈലീരോഗ നിർണ്ണയ പദ്ധതി നടപ്പാക്കി വരുന്നത്. രോഗനിർണ്ണയത്തോടൊപ്പം തന്നെ വിദഗ്ധർ തയ്യാറാക്കിയ പ്രോട്ടോകോൾ പ്രകാരമുള്ള ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്തു വരുന്നു. സംസ്ഥാന സർക്കാരിന്റെ നൂതന പദ്ധതിയായ ആർദ്രം മിഷനിലൂടെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ട ആശുപത്രികളിൽ ആഴ്ചയിൽ ആറു ദിവസവും ജീവിത ശൈലി ക്ലിനിക്കുകൾ പ്രവർത്തിക്കുകയും സ്പെഷ്യാലിറ്റി ആശുപത്രികളിൽ മാത്രം ലഭിക്കുന്ന പൾമണറി ടെസ്റ്റ് (COPD) റെറ്റിനോപ്പതി കണ്ടുപിടിക്കുന്നതിനുള്ള റെറ്റിനോപ്പതി ക്ലിനിക്കുകൾ, വിഷാദരോഗത്തിനുള്ള ആശ്വാസം ക്ലിനിക്ക് ഉടങ്ങിയ വിവിധ പരിശോധനകൾ പ്രീചെക്ക് ക്ലിനിക്കിലൂടെ നടത്തി വരുകയും ചെയ്യുന്നു. ഇതിനു പുറമെ ആരോഗ്യപരമായ ഭക്ഷണം, ചിട്ടയായ വ്യായാമം, ലഹരിയിൽ നിന്നുള്ള വിമുക്തി എന്നിവയെക്കുറിച്ച് ആരോഗ്യ ബോധവത്കരണവും നൽകി വരുന്നു. ജീവിതശൈലി രോഗങ്ങൾ കൊണ്ടുള്ള മൂർദ്ധന്യ രോഗങ്ങൾ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ജില്ലാ ജനറൽ താലൂക്ക് ആശുപത്രികളെ ശാക്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൊറോണറി കെയർ ക്ലിനിക്കുകൾ, പക്ഷാഘാത ക്ലിനിക്കുകൾ, റെറ്റിനോപ്പതി ക്ലിനിക്കുകൾ, ഡയബറ്റിക് ഫൂട്ട് ക്ലിനിക്കുകൾ, COPD ക്ലിനിക്കുകൾ എന്നിവ പ്രധാന ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ